**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - വൈപ്പിൻ നിയോജക മണ്ഡലം - സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ പോഷകപ്രദമായ ഉച്ചഭക്ഷണം നൽകുന്ന 'അമ്മതൻ ഭക്ഷണം' എന്ന പദ്ധതിയ്ക്കായി എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുകയനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 5321/2017/ധന — തീയതി, തിരുവനന്തപുരം, 04.07.2017

---

പരാമർശം : 1. 27.05.2004 ലെ സ.ഉ.(അ) നം. 247/2004/ധന. ഉത്തരവ്
2. 26.11.2013 ലെ സ.ഉ.(അ) നം. 577/2013/ധന. ഉത്തരവ്
3. ശ്രീ.എസ്.ശർമ്മ എം.എൽ.എ. ബഹു. ധനകാര്യ മന്ത്രിക്ക് 24.05.2017 ന് നൽകിയ കത്ത്.

**ഉത്തരവ്**

വൈപ്പിൻ നിയോജകമണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കാൽലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ പോഷകപ്രദമായ ഉച്ചഭക്ഷണം നൽകുന്ന 'അമ്മതൻ ഭക്ഷണം' എന്ന പദ്ധതി നടത്തുന്നതിനായി അറുപത് ലക്ഷം രൂപ (60,00,000/-) 2017-18 ലെ എം.എൽ.എ.മാരുടെ പ്രത്യേക വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാൻ പ്രത്യേകാനുമതി നൽകണമെന്ന് വൈപ്പിൻ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.എസ്.ശർമ്മ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വൈപ്പിൻ നിയോജകമണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കാൽലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ പോഷകപ്രദമായ ഉച്ചഭക്ഷണം നൽകുന്ന 'അമ്മതൻ ഭക്ഷണം' എന്ന പദ്ധതി നടത്തുന്നതിനായി അറുപത് ലക്ഷം രൂപ (60,00,000/-) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ശ്രീ.എസ്.ശർമ്മ എം.എൽ.എ.യുടെ 2017-18 ലെ പ്രത്യേക വികസന നിധിയിൽ നിന്നും വിനിയോഗിക്കുവാൻ സൂചനയിലെ ഉത്തരവുകളിലെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി പ്രത്യേകാനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്.ഉഷ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ശ്രീ.എസ്.ശർമ്മ, എം.എൽ.എ., രേഷ്മാസ്, മന്നപ്പശ്ശേരി, നോർത്ത് പറവൂർ, എറണാകുളം.
ജില്ലാ കളക്ടർ, എറണാകുളം
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം ,

**സെക്ഷൻ ഓഫീസർ**